# ചിറക്കര ഗ്രാമപഞ്ചായത്ത്

# ബജറ്റ്

# 2026- 2027

# ചിറക്കര ഗ്രാമപഞ്ചായത്ത്

## ബജറ്റ് 2026 – 2027

## ആമുഖം

ബഹുമാന്യരേ,

ചിറക്കര ഗ്രാമപഞ്ചായത്തിന്റെ പൊതുവികസനവും ജനങ്ങളുടെ ക്ഷേമവും അടിസ്ഥാന ജനവിഭാഗത്തിന്റെ ഉന്നമനവും ലക്ഷ്യമിട്ടു കൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് സുസ്ഥിരതയും , പുതിയ മേഖലകളിൽ ഇടപെടലുകൾ നടത്തിയും മുന്നോട്ട് പോകുന്ന ഈ ഭരണ സമിതിയുടെ ആദ്യ ബഡ്ജറ്റ് ആണ് ഇവിടെ അവതരിപ്പിക്കുന്നത്

2026–27 വാർഷിക പദ്ധതിയ്ക്കായി സർക്കാർ അനുവദിച്ച വികസന ഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് എന്നിവയ്ക്കൊപ്പം ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ടൂറിസം മേഖലയിൽ വിനോദ നികുതിയടക്കമുള്ള വരുവരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് മാലാക്കായലിലെ കണ്ടൽ കാട്ടുകളിലേയ്ക്ക് എത്തുന്ന ടൂറിസ്റ്റുകളുടെ ഒഴുക്ക് വർദ്ധിപ്പിക്കുകയും ഹോംസ്റ്റേ സൌകര്യങ്ങൾ വർദ്ധിപ്പിച്ച് പോളച്ചിറ രാവണൻ പൊയ്ക, ശ്രീനാരായണഗുരു പൊയ്കയിൽ തീർത്ഥ കുളം, ചിറക്കര ഭഗവതിക്ഷേത്രം,ചിറക്കര മാധവൻകുട്ടി കഥകളി പഠന കേന്ദ്രം, പോളച്ചിറ രാമചന്ദ്രൻ ഗുസ്തി പരിശീലന കേന്ദ്രം , കളരി പരിശീലന കേന്ദ്രം , ആയിരവില്ലി വെള്ളച്ചാട്ടം എന്നിവിടങ്ങളിലെ ടൂറിസം സ്പോട്ടുകൾ വില്ലേജ് ടൂറിസം എന്ന പദ്ധതിയിലൂടെ നടപ്പിലാക്കി വിനോദ നികുതിയിലൂടെയും ഇതര വരുമാനങ്ങളിലൂടെയും തനതു വരുമാനം വർദ്ധിപ്പിക്കുക. ടൂറിസം മേഖലയ്ക്ക് ഗ്രാമത്തിന്റെ തനിമ ഒട്ടും ചോർന്നു പോകാതെ പുതിയ മുഖം നൽകുക.

പോളച്ചിറ , ചിറക്കര, ഉളിയനാട്,കുഴുപ്പിൽ ഏലാകൾ പൂർണ്ണമായും കൃഷി ചെയ്യുക പോളച്ചിറയിൽ ഒരുമീനും ഒരു നെല്ലും പദ്ധതി നടപ്പിലാക്കാനും തരിശു ഭൂമി കിഴങ്ങ് പയറു വർഗ്ഗങ്ങൾ കൂടി പ്രോത്സാഹിപ്പിക്കുക., ചെമ്മീൻ കരിമീൻ തുടങ്ങിയ നാടൻ മത്സ്യങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക. ചിറക്കര ബ്രാൻഡ് ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക. ഗ്രാമപഞ്ചായത്തിലെ മുഴുവൻ പേർക്കും സുരക്ഷിത ഭവനം ലഭ്യമാക്കാൻ ലൈഫ് പി.എം.എ.വൈ പദ്ധതിയ്ക്കൊപ്പം

സ്വപ്നമാളിക എന്ന പുതിയ ഭവന പദ്ധതിയും ആരോഗ്യമേഖലയിൽ ചിറക്കര പി.എച്ച്,സി - എഫ്.എച്ച്.സി ആയി ഉയർത്താനും വൈകുന്നേരം ചികിത്സ ലഭ്യമാക്കാനും കുടുംബശ്രീയുമായി ചേർന്ന് നിരവധി പദ്ധതികൾ ഏറ്റെടുക്കാനും വനിതകളുടേയും കുട്ടികളുടേയും ഭിന്നശേഷിക്കാരുടേയും വയോജനങ്ങളുടേയും ക്ഷേമം ഉറപ്പാക്കാൻ പുതിയ പദ്ധതികൾക്കൊപ്പം വനിത -ശിശു-വയോജന-ഭിന്നശേഷി സൌഹൃദ പഞ്ചായത്താക്കാനും ......................... പൊതുശ്മശാനം എന്നിവ നിർമ്മിക്കാനും മാലിന്യ സംരക്ഷണത്തിന് പുതിയ മാതൃകകൾ സൃഷ്ടിച്ച് ശുചിത്വഗ്രാമം പദ്ധതി നടപ്പിലാക്കാനും പുതിയ കുടിവെള്ള പദ്ധതിയ്ക്കായി മുന്നോട്ട് പോകാനും വിദ്യാഭ്യാസ കലാ-കായിക മേഖലകളിൽ പുതിയ പദ്ധതികളും ഗ്രന്ഥശാലകൾ ക്ലബ്ബുകൾ എന്നിവയിലൂടെ സാംസ്കാരിക രംഗത്തും ലഹരിക്കെതിരെയുള്ള പോരാട്ടത്തിന് പുതിയ മതൃകകൾ സൃഷ്ടിക്കാനും ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും പ്രത്യേക പദ്ധതികളും വ്യക്തിഗത ആനുകൂല്യങ്ങളും ഗ്രാമീണ റോഡുകൾ നിർമ്മിക്കാനും നവീകരിക്കാനും പഞ്ചയാത്തിലെ ഗതാഗത പ്രശ്നം പരിഹരിക്കാൻ ഗ്രാമവണ്ടി കെ.എസ്.ആർ.ടി.സിയുമായി സഹകരിച്ച് നടപ്പിലാക്കാനും മുൻകാല ബഡ്ജറ്റുകളിൽ നിന്ന് വ്യത്യസ്തമായി ടൂറിസം മേഖലയിലൂടെയും വിനോദനികുതിയടക്കമുള്ള അനുബന്ധ നികുതികളിൽ നിന്നുള്ള വരുമാനം പ്രതീക്ഷിച്ചുകൊണ്ട് സി.എസ്.ആർ ഫണ്ടുകളും സംഭാവനകളിലൂടെയും പരാവധി വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് തയ്യാറാക്കിയിട്ടുള്ള ഒരു ബഡ്ജറ്റാണ്. ഉൽപ്പാദന പശ്ചാത്തല സേവന മേഖലകളിൽ നിരവധി പദ്ധതികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

ചിറക്കര ഗ്രആമപഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും സമഗ്ര മേഖലയ്ക്കും സവിശേഷ പ്രാധാന്യം നൽകിയിട്ടുള്ള ബഡ്ജറ്റാണ് വൈസ് പ്രസിഡന്റ് ഇവിടെ അവതരിപ്പിക്കുന്നത്.

സ്നേഹപൂർവ്വം

**ഉല്ലാസ് കൃഷ്ണൻ**
പ്രസിഡന്റ് ചിറക്കര ഗ്രാമപഞ്ചായത്ത്

# <u>ചിറക്കര ഗ്രാമപഞ്ചായത്ത്</u>

## <u>ബജറ്റ് 2024- 25</u>

**അവതരണം : ശ്രീമതി. രമ്യ എം (വൈസ് പ്രസിഡൻറ്, ചിറക്കര ഗ്രാമപഞ്ചായത്ത്)**

ബഹുമാന്യരെ,

ചിറക്കര ഗ്രാമപഞ്ചായത്തിന്റെ 2024 – 2025 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരണ വേളയിൽ സന്നിഹിതരായിട്ടുള്ള ഏവരെയും ഞാൻ അഭിവാദ്യം ചെയ്യുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുതകുന്ന തരത്തിലും വികേന്ദ്രീകാസൂത്രണത്തിന്റെ അന്തസത്ത പൂർണ്ണമായും ഉൾക്കൊണ്ടുമാണ് ആകെ **234750576**(ഇരുപത്തിമൂന്ന് കോടി നാല്പത്തിയേഴ് ലക്ഷത്തി അന്പതിനായിരത്തി അഞ്ഞൂറ്റി എഴുപത്തിയാറു ) രൂപ വരവും 231465315(ഇരുമുന്ന് കോടി പതിനാലു ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ്റി പതിനഞ്ചു രൂപ ചെലവും **3235261(മുപ്പത്തി രണ്ടു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി ഇരുന്നൂറ്റി അറുപത്തി ഒന്ന് രൂപ )** നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന ആ ബഡ്ജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകൾ, ആസൂത്രണ സമിതി, വിവിധ വർക്കിംങ് ഗ്രൂപ്പുകൾ, ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റികൾ, വിവിധ മേഖലകളിലെ വിദഗ്ദർ എന്നിവടങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നതും കഴിഞ്ഞ കാലിക സമകാലിക പ്രശ്നങ്ങളെ മുൻനിർത്തിയുള്ളതുമായ നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലൂടെ തയ്യാറാക്കിയിട്ടുള്ളത്. മാറുന്ന കാലത്തിനനുസരിച്ച് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ കാഴ്ചപ്പാടുകൾ നവീകരിക്കുവാനും പൊതു ജനസേവനം കൂടുതൽ കാര്യക്ഷമമാക്കാനുമാണ് നിലവിൽ ഉദ്ദേശിക്കുന്നത്. ഈ അവസരത്തിൽ മുൻകാല ഭരണസമിതികളുടെയും അവയുടെ സാരഥികളെയും ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിച്ചവരെയും സ്മരിക്കുന്നു.

വിഭവ സമാഹരണത്തിൽ സംസ്ഥാന കേന്ദ്രസർക്കാർ വിഹിതത്തോടൊപ്പം തന്നെ തനതു വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ധനകാര്യകമ്മീഷൻ ശുപാർശ അംഗീകരിച്ച് നികുതി വരുമാനം കൂട്ടുന്നതിന് ആവിശ്യമായ നടപടികൾക്ക് 2024 - 2025 സാമ്പത്തിക വർഷം മുതല് തുടക്കം കുറിക്കുന്നതാണ്. നികുതി സമാഹരണത്തോടൊപ്പം തന്നെ ആയത് ഫലപ്രദമായി വിനിയോഗിക്കുക കൂടി ചെയ്യേണ്ടതുണ്ട്. വികസന കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് വിവിധ മേഖലകളുമായി സംയോജനം നടത്തി വിഭവ പരിമിതി മറികടക്കുകയും ഒപ്പം വികസനത്തിന് സമഗ്രത കൈവരിക്കുകയും വേണം. അതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, നവകേരള മിഷനുകൾ, എം.പി., എം.എൽ.എ. ഫണ്ടുകൾ, ജില്ലാ ബ്ലോക്ക് വിഹിതങ്ങൾ എന്നിവയുടെ ലഭ്യതയും ഉറപ്പു വരുത്തേണ്ടതായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തോടൊപ്പം തന്നെ പൊതുജന സേവനത്തിനും നാം മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ പഞ്ചായത്തിൽ എത്താതെ തന്നെ എല്ലാവിധ സേവനങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയർ നടപ്പാക്കിയതിലൂടെ സാധിച്ചിട്ടുണ്ട്. ഇത്തരം സേവനങ്ങൾ ഉപയോഗിക്കുന്നതിന് സാധ്യമാകാത്തതും തീരെ അശരണരായവർക്കുമായി വാതിൽപ്പടി സേവനവും കൂടുതൽ നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. .

2018-19 ൽ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതിയുടെ പൂർത്തീകരണവും ലൈഫ് 2020 പ്രകാരം പുതുതായി കണ്ടെത്തിയ ഗുണഭോക്തക്കാൾക്ക് വീടും വസ്തുവും നൽകുന്നതിനുള്ള തുടക്കം കുറിക്കുന്നതിനും ഈ സാമ്പത്തിക വർഷത്തിൽ സാദ്ധ്യമാക്കുമെന്ന ശുഭാപ്തി വിശ്വാസവുമുണ്ട്. കൂടാതെ അതിദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും നാം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായിട്ടുള്ള മാലിന്യ പരിപാലനം ഉറപ്പുവരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നു.

ഈ ബഡ്ജറ്റ് തയ്യാറാക്കാൻ ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ഉപദേശങ്ങളും നൽകിയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരോട് നന്ദി അറിയിച്ചുകൊണ്ട് 2024-2025 ലെ ബഡ്ജറ്റിൻറെ പൊതുവായ നയ സമീപനവും പ്രധാന പദ്ധതികളും നിങ്ങൾക്കു മുൻപാകെ സമർപ്പിക്കുന്നു.

## മുൻഗണനാ പദ്ധതികൾ

### കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം

കാർഷിക മേഖലയിലെ പ്രശ്നങ്ങളെ മികച്ച രീതിയിൽ തരണം ചെയ്യുന്നതിനും, കൃഷി, മൃഗസംരക്ഷണം, ക്ഷീരോൽപാദന മേഖലകളിൽ നവീന സാങ്കേതികത കൊണ്ടുവരുന്നതിനുമുള്ള പരിശ്രമങ്ങളും ഈ വർഷത്തിൽ നടപ്പിലാക്കുന്നതാണ്. ഗ്രാമീണ സമ്പദ്ഘടനയുടെ അടിസ്ഥാന ഘടകമായ കാർഷിക മേഖലയുടെ ഉന്നമനത്തിന് ഈ ബജറ്റ് പ്രത്യേക പരിഗണന നൽകുന്നു. കാർഷിക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടറിഞ്ഞ് പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കിഴങ്ങ് വിളകൾ എന്നീ കൃഷികളുടെ വികസനത്തിന് ആവിശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പച്ചക്കറിയിലെ വിഷാംശങ്ങൾ നമ്മുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുമെന്ന പഠനങ്ങൾ നമ്മുടെ മുന്നിലുണ്ട്. അതിനാൽ ജൈവ പച്ചക്കറി കൃഷി പോത്സാഹനത്തോടൊപ്പം ഹരിത ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിനും ബഡ്ജറ്റ് ഊന്നൽ നൽകുന്നുണ്ട്. തരിശായിക്കിടക്കുന്ന ഭൂമികളിൽ കൃഷിയിറക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കും ഇതിലേക്കായി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകളും ഉപയോഗിക്കും.

ഉൽപാദന മേഖലയിൽ സുപ്രധാനപങ്ക് വഹിക്കുന്ന മൃഗസംരക്ഷണ, ക്ഷീരവികസന മേഖലയ്ക്കായി കാലിത്തീറ്റ വിതരണം, കന്നുകുട്ടി പരിപാലനം, പാലിന് സബ്സിഡി, വീട്ടമ്മമാർക്കും വനിതകൾക്കും സാമ്പത്തിക സ്വയംപര്യാപ്തതക്കായി പശുവളർത്തൽ, മുട്ടക്കോഴി വളർത്തൽ, കറവപശുക്കൾക്ക് ധാതുലവണ മിശ്രിതം വിതരണം, മുട്ടഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കും. കൂടാതെ മൃഗസംരക്ഷണത്തിന് ആവിശ്യമായ മരുന്നുകളും മറ്റ് അടിസ്ഥാന സൌകര്യങ്ങളും ഉറപ്പാക്കും. കൂടാതെ ശുദ്ധജല മത്സ്യകൃഷിയുടെ പ്രോത്സാഹനത്തിലൂടെ വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു.

കൃഷി, മൃഗസംരക്ഷണ, ക്ഷീര വികസന മേഖലക്കായി ഒരു കോടി 57 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

### ചെറുകിട വ്യവസായം

പ്രാദേശികമായ മാർക്കറ്റുകളിൽ കൂടുതൽ സാർത്ഥകമായ ഇടപെടലുകളിൽ കൂടി മാത്രമേ ഗ്രാമത്തിന്റെ സുസ്ഥിരമായ വികസനവും അതുവഴി ജനങ്ങളുടെ സാമ്പത്തിക സ്ഥിരതയും സാദ്ധ്യമാക്കുകയുള്ളൂ. ഈ കാഴ്ചപാടോടെ കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും കൂടുതൽ വരുമാന വർദ്ധന യൂണിറ്റുകൾ ആരംഭിക്കാനും അർഹരായവർക്ക് സഹായം ലഭ്യമാക്കും. ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ചെറുകിട സംരഭങ്ങളെ പ്രോത്സഹിപ്പിക്കും. വനിതകൾക്ക് തൊഴിൽ പരിശീലനവും നൈപുണ്യ വികസനത്തിനും പദ്ധതികൾ നടപ്പാക്കുന്നതാണ്. തന്മൂലം ഒട്ടോറെ സംരഭകർകർക്ക് വിപണന ആവിശ്യമായ അടിസ്ഥാന സൌകര്യം ഉറപ്പാക്കുന്നതിന് സാദ്ധ്യമാകുന്നതാണ്.

## ആരോഗ്യം, കുടിവെള്ളം, ശുചിത്വം

ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഗ്രാമപഞ്ചായത്തിന്റെ പ്രധാനപ്പെട്ട ചുമതലയാണ് എന്ന തിരിച്ചറിവോടെയാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമുള്ള ജനതയാണ് ആരോഗ്യമുള്ള ഒരു രാഷ്ട്രത്തെ സൃഷ്ടിക്കുന്നത്. മഹാമാരികളുടെ സാദ്ധ്യത മുന്നിൽകണ്ട് ആരോഗ്യമേഖലയ്ക്ക് മുന്തിയ പരിഗണന നൽകിയാണ് ഗ്രാമപഞ്ചായത്ത് പദ്ധിതികൾ ഏറ്റെടുത്തിട്ടുള്ളത്.

ആരോഗ്യ മേഖലയിലെ എല്ലാ വിഭാഗങ്ങളിലേയും അതായത് അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നിവയെ കൂട്ടി യോജിപ്പിച്ചുകൊണ്ടുള്ള ഒരു സംയോജിത പ്രവർത്തനം ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നുണ്ട്. ശയ്യാവലംബികളായ വ്യക്തികളെ പരിചരിക്കുന്നതിനായി നിലവിലുള്ള പാലിയേറ്റീവ് കെയർ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കും. നിലവിലെ കുടുബാരോഗ്യ കേന്ദ്രം അടിസ്ഥാന സൌകര്യങ്ങൾ വിപുലപ്പെടുത്തി കൂടുതൽ ഉപയോഗപ്രദമാക്കും. അടുത്ത കാലത്തായി വലിയ തോതിൽ വർദ്ധിച്ചിട്ടുള്ള ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി പദ്ധതികൾ നടപ്പിലാക്കും.

ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഈ വർഷം പരമാവധി കുടുംബങ്ങളിൽ കുടിവെള്ള പൈപ്പ് കണക്ഷനുകൾ നൽകുന്നതാണ്. പൊതുകിണറുകളുടെ നവീകരണം നടത്തുന്നതാണ്. എല്ലാ അംഗൻവാടികളിലും കുടിവെള്ള സൌകര്യം ഉറപ്പാക്കുന്നതാണ്.

ചിറക്കര ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കും. ക്കര, എം.സി.എഫുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും. . ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ സംസ്കരിക്കുന്നതിന് 1000 കുടുംബങ്ങൾക്ക് ബൊക്കാഷി ബക്കറ്റ് 90 ശതമാനം സബ്സിഡി നിരക്കിൽ ലഭ്യമാക്കും. ബയോബിൻ നൽകിയ കുടുംബങ്ങൾക്ക് ഇനോക്കുലം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കും.

## ദാരിദ്ര ലഘൂകരണം ഭവന നിർമ്മാണം

ലൈഫ് പദ്ധതിയുടെ പൂർത്തീകരണത്തിനും ലൈഫ് 2020 പദ്ധതി നടപ്പാക്കുന്നതിനും 2024 – 2025 സാമ്പത്തിക വർഷം **2 കോടി 56ലക്ഷം** രൂപ വകയിരുത്തിയിട്ടുണ്ട്. ദാരിദ്ര ലഘൂകരണം ലക്ഷ്യമിട്ട് ആരംഭിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസ്തി വികസന പദ്ധതികൾകൂടി ഉൾപ്പെടുത്തി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കും. പരമാവധി ആളുകൾക്ക് 100 ദിനം തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ദാരിദ്ര ലഘൂകരണം ലക്ഷ്യമിട്ട് ഉത്പാദന മേഖലയിലും പദ്ധതികൾക്ക് ആനുപാതിക വകയിരുത്തലുകൾ നടത്തിയിട്ടുണ്ട്. 1000 പേരിൽ 5 പേർക്ക് തൊഴിൽ പദ്ധതിയുടെ ഭാഗമായി സംരഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി നൽകും.

## പട്ടികജാതി, പട്ടികവർഗ്ഗ വികസനം

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ ആളുകളെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് എത്തിക്കാനും അവരുടെ വിദ്യാഭ്യാസ, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നു. ഗ്രാമപഞ്ചായത്തിലെ കോളനികളുടെ സമഗ്ര വികസനം നടപ്പാക്കും. അർഹരായ പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ലാപ്ടോപ്പ്, മേശ കസേര എന്നിവ നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. അംഗൻവാടികൾ വഴിയുള്ള പോഷകാഹാര വിതരണം എന്നിവയ്ക്കും പട്ടികജാതി വികസന ഫണ്ട് പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് വീടും വസ്തുവും ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതാണ്.

## വനിതാ ശിശുക്ഷേമം

സ്ത്രീ ശാക്തീകരണം എന്നത്തേക്കാളധികം പ്രാധാന്യമുള്ള വിഷയമാക്കുന്ന ഒരു ലോക ക്രമത്തിൽ സ്ത്രീകൾക്കായി മുന്തിയ പരിഗണന ഈ ബഡ്ജറ്റിലും നൽകിയിട്ടുണ്ട്. പുതു തലമുറയെ ബൌദ്ധികമായും ശാരീരികമായും ശക്തിയുള്ളവരായി വാർത്തെടുക്കാൻ വേണ്ട പദ്ധതികളും ബഡ്ജറ്റിലുണ്ട്. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകിയ കുടുംബശ്രീ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവിശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സ്ത്രീസംരംഭക യൂണിറ്റുകൾക്കാവിശ്യമായ പ്രോത്സാഹനവും സബ്സിഡിയും നൽകുന്നതിനുള്ള തുക വകയിരുത്തുന്നു. ജന്റർ റിസോഴ്സ് സെന്റർ, ജാഗ്രത സമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയമിക്കുന്നതാണ്. വനിതകൾക്കായി തൊഴിൽ പ്രാപ്തിക്കുവേണ്ടി അധിക

പരിശീലനം, ആർജ്ജിത വൈദഗ്ദ്യത്തിന് അംഗീകാരം, അധിക നൈപുണ്യവും പുനർനൈപുണ്യവും എന്നീ പദ്ധതികൾ നടപ്പാക്കും.

അംഗൻവാടികൾ വഴി കുട്ടികൾ, കൌമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ തുടങ്ങിയവർക്ക് പോഷകാഹാര ലഭ്യത ഉറപ്പവരുത്തുന്നതിനാവിശ്യമായ തുക വകയിരുത്തുന്നു. അംഗൻവാടി കുട്ടികളുടെ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതാണ്.

## വിദ്യാഭ്യാസം, കല, സംസ്കാരം

ഭാരതത്തിന്റെ ചരിത്രത്തെ വളച്ചൊടിക്കാനും, ചരിത്രപുരുഷരെ തമസ്കരിക്കാനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടന്നു വരുന്ന സാഹചര്യത്തിൽ സാംസ്കാരിക മേഖലയക്ക് പ്രധാന്യം നൽകേണ്ടതായിട്ടുണ്ട്. സാംസ്കാരിക ബോധവാൻമാരാക്കി നമ്മുടെ പുതുതലമുറയെ വളർത്തേണ്ടതായിട്ടുണ്ട്. മദ്യം മറ്റ് ലഹരി ഉപയോഗം എന്നിവയിൽ നിന്നും പുതുതലമുറയെ രക്ഷിക്കുന്നതിനും സാംസ്കാരികമായി ഏറെ പ്രവർത്തനങ്ങൾ നാം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിലെ യുവതീ യുവാക്കളുടെ കായിക കലാ ശേഷികൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരളോത്സവം അടുത്ത സാമ്പത്തിക വർഷവും നടപ്പാക്കുകയും കൂടുതൽപ്പേരെ ഈ മേളയുടെ ഭാഗമാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള വായനശാലകൾക്ക് പത്ര മാസികകൾ തുടർന്നും നൽകുന്നതാണ്. കായിക വികസനത്തിന്റെ ഭാഗമായി രജിസ്റ്റേർഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് നൽകും, യുവജനക്ലബ് ടീമുകളിൽ നിന്ന് ടീം രൂപീകരണവും കോച്ചിംഗ് ക്യാമ്പും നടപ്പാക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൌൺസിലിന്റെ സഹകരണത്തോടെ ഗെയിം ഫെസ്റ്റിവൽ നടത്തും.

. എസ്.എസ്.കെ. പദ്ധതിയിലൂടെ മികച്ച പഠന സംവിധാനം തുടർന്നും ഉറപ്പ വരുത്തുന്നതാണ്.

## സാമൂഹിക സുരക്ഷിതത്വം

ആധുനികകാലഘട്ടത്തിൽ സാമൂഹിക സുരക്ഷിതത്വത്തിന് ഏറെ പ്രാധന്യമർഹിക്കുന്നു. ആരോഗ്യരംഗത്ത് വളരെക്കാലം മുൻപിലായ നമ്മുടെ ആയുർദൈർഘ്യം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെക്കൂടുതലാണ്. ആയതിനാൽതന്നെ വയോജനങ്ങളുടെ എണ്ണം കേരളത്തിൽ വളരെക്കൂടുതലാണ്. വയോജനങ്ങളുടെ മാനസ്സിക ഉല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനും പദ്ധതികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ചിറക്കരയിലെ പകൽവീടിന്റേയും പ്രവർത്തനം കാര്യക്ഷമമാക്കും.

ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാർക്ക് ധനസഹായം ലഭ്യമാക്കും. അർഹരായ ഭിന്നശേഷിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കും. ഭിന്ന ശേഷിക്കാർക്കായി പ്രത്യേക കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കും. പ്ലാസ്റ്റിക് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷിക്കാർക്കായി പേപ്പർബാഗ് യൂണിറ്റിന്റെ പ്രവർത്തനം സർക്കാർ സഹായത്തോടെ കാര്യക്ഷമായി നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. സർക്കാർ മാനദണ്ഡ പ്രകാരം അർഹരായ മുഴുവൻ വയോജനങ്ങൾക്കും കട്ടിൽ നൽകുന്നതാണ്. മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സംരക്ഷിക്കുന്നവർക്കായി സ്വയംതൊഴിൽ സംരഭങ്ങൾക്ക് സബ്സിഡി നൽകും. ഭിന്നശേഷിക്കാർക്കായി പെട്ടിക്കട പദ്ധതി നടപ്പാക്കും. ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ പ്രവര്ത്തനം പ്രവർത്തനം കാര്യക്ഷമമാക്കും രിക്കും.

അർഹരായ മുഴുവൻ പേർക്കും ക്ഷേമപെൻഷനുകൾ അനുവദിക്കും. പൊതുജനസേവനം എന്നത് ഒരു അവകാശമാണെന്നതുകൊണ്ട് തന്നെ വാതിൽപ്പടി സേവനം പഞ്ചായത്തിൽ നടപ്പിലാക്കും.

## അടിസ്ഥാന സൌകര്യ വികസനം

പഞ്ചായത്ത് അതിർത്തിയിലെ റോഡുകൾ മുൻഗണനയും പ്രാധാന്യവുമനുസരിച്ച് നവീകരിക്കും. ഗ്രാമപഞ്ചായത്തിലേക്ക് വിട്ടുകിട്ടിയ നിർമ്മിതികളും സ്ഥാപനങ്ങളും വികസിപ്പിക്കാനും പരിപാലിക്കാനുമുള്ള പദ്ധതികൾ നടപ്പിലാക്കും.

ആവശ്യമായ സ്ഥലങ്ങളിലെല്ലാം തെരുവുവിളക്കുകൾ സ്ഥാപിക്കാനും പരിപാലിക്കാനുമുള്ള പദ്ധതികൾ തയ്യാറാക്കുകയും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ സമ്പൂർണ്ണമാക്കുകയും ചെയ്യുന്നതാണ്.

**ബഹുമാന്യരെ,**

കഴിഞ്ഞകാലങ്ങളിലെ അനുഭവങ്ങൾ ഉൾക്കൊണ്ട്കൊണ്ട് സമസ്തമേഖലകളിലും മുന്നേറ്റത്തിന്റെ പുതിയഗാഥകൾ രചിക്കാൻ നമുക്ക് കഴിയണം. പ്രതിസന്ധികൾ മറികടക്കുന്നതിന് പരിമിതമായ സമ്പത്തിന്റെ സമതുലിതമായ വിതരണമാണ് ആധാരമാക്കേണ്ടത്. ലഭ്യമായ വിഭവങ്ങൾ യുക്തിസഹമായി വകയിരുത്തി പഞ്ചായത്തിൻറെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. തനത് ഫണ്ട് സമാഹരണത്തിന് കാര്യക്ഷമമായ മാർഗ്ഗങ്ങൾ ഈ ബഡ്ജറ്റിൻറെ ഭാഗമാക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. നമ്മുടെ കൂട്ടായ പ്രവർത്തനം വഴി ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്ന വികസന കാഴ്ചപ്പാട് പ്രാവർത്തികമാക്കാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചു കൊണ്ടും, ചിറക്കര ഗ്രാമപഞ്ചായത്തിനെ **"ഹരിത നിർമ്മല ഗ്രാമപഞ്ചായത്ത്"** ആക്കി മാറ്റാനുള്ള ശ്രമത്തിന് എല്ലാവരുടെയും

പൂർണ്ണമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ആകെ 231840110(ഇരുപത്തിമുന്ന് കോടി പതിനെട്ടു ലക്ഷത്തി നാല്പതിനായിരത്തി നൂറ്റി പത്ത് ) രൂപ വരവും 231465315(ഇരുമുന്ന് കോടി പതിനാലു ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ്റി പതിനഞ്ചു രൂപ ചെലവും **3285261(മുപ്പത്തി രണ്ടു ലക്ഷത്തി എണ്പത്തിഅയ്യായിരത്തി ഇരുന്നൂറ്റി അറുപത്തി ഒന്ന് രൂപ )** നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന രൂപ നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന 2024 – 2025 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബഡ്ജറ്റ് വിശദമായ ചർച്ചകൾക്കായി സമർപ്പിച്ചുകൊള്ളുന്നു.

(ഒപ്പ് )

ദേവദാസ്.**കെ**

വൈസ് പ്രസിഡൻറ് & ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ

ചിറക്കര ഗ്രാമപഞ്ചായത്ത്

| HEAD OF ACCOUNTS | BUDGET 2025-2026 | UDGET 2026-202 |
|---|---|---|
| **Opening Balance** | **21444194** | **41360269** |
| **Revenue Receipt - 1** | | |
| **Tax Revenues - 110** | | |
| 1100101 Property Tax (General) | 8500000 | 8925000 |
| 1100102 Service Cess u/rule 26 | 650000 | 682500 |
| 1101001 Profession Tax – Employees | 4505000 | 4730250 |
| 1101002 Profession Tax - Traders/ Institutions | 450000 | 472500 |
| **Total Tax Revenues** | **14105000** | **14810250** |
| **Fees and User Charges - 140** | | |
| 1401001 Private Hospital & Paramedical Institutions Registrati | 5000 | 5250 |
| 1401002 Tutorial College Registration Fee | 2000 | 2100 |
| 1401099 Other Empanelment & Registration Charges | 115000 | 120750 |
| 1401101 License Fees for IFTEOS | 2175000 | 2283750 |
| 1401105 License fee for Domestic Animals | 4000 | 4200 |
| 1401106 License Fees for Domestic Dogs | 4000 | 4200 |
| 1401107 Licence Fees For Livestock Farms | 10000 | 10500 |
| 1401201 Fees for Construction of Buildings | 900000 | 945000 |
| 1401202 Fees for Installation of Machinery | 1060000 | 1113000 |
| 1401203 Permit fee | 4200000 | 4410000 |
| 1401205 Fees for Erection of Telecommunication Tower | 50000 | 52500 |
| 1401301 Fees for Birth & Death Certificate | 5000 | 5250 |
| 1401302 Fees for Delayed Registration - Birth & Death | 2000 | 2100 |
| 1401303 Fees for Marriage Certificate | 5000 | 5250 |
| 1401304 Fee for Marriage Registration | 10000 | 10500 |
| 1401305 Fee for Non Availability Certificate | 1500 | 1575 |
| 1401399 Fees for Other Certificates or Extracts | 302000 | 317100 |
| 1401401 Fees under RTI Act | 1000 | 1050 |
| 1401701 Regularization Fees | 400000 | 420000 |
| 1402001 Penal Interest | 100000 | 105000 |
| 1402003 Other Penalities and Fines | 100000 | 105000 |
| 1402004 Compounding Fee | 1000 | 1050 |
| 1402005 Fine for Dumping Waste | 750000 | 787500 |
| 1402006 Fine imposed by Health Authorities | 5000 | 5250 |
| 1404002 Notice Fees | 25000 | 26250 |
| 1404004 Ownership Change Fees - Fine | 100000 | 105000 |
| 1404008 Delayed Registration Fees | 2000 | 2100 |
| 1404009 Search Fees | 5000 | 5250 |
| 1404099 Other Fees | 725000 | 761250 |
| 1405004 Market Fees | 800000 | 840000 |
| 1405099 Other User Charges | 100000 | 105000 |
| 1406001 Entry Fees | 2000 | 2100 |
| 1407001 Road Cutting Charges | 50000 | 52500 |
| 1408001 Other Charges | 800000 | 840000 |

| | | |
|---|---|---|
| **Total Fees and User Charges** | **12816500** | **13457325** |
| **Sale and Hire Charges - 150** | | |
| 1501003 Receipts from Sale of Usufructs of trees | 5000 | 5250 |
| 1501101 Receipts from Sale of Forms | 50000 | 52500 |
| 1501102 Receipts from Sale of Tender Forms | 100000 | 105000 |
| 1501202 Receipts from Sale of Scrap | 100000 | 105000 |
| 1501203 Receipts from auction of obsolete assets | 10000 | 10500 |
| 1503001 Receipts from Miscellaneous Sales | 25000 | 26250 |
| 1504102 Rent on Other Equipments | 1605000 | 1685250 |
| **Total Sale and Hire Charges** | **1895000** | **1989750** |
| **Revenue Grants, Contributions and Subsidies - 160** | | |
| 1601010 Fund for Transferred Functions/ Schemes - Pension fo | 4000000 | 5000000 |
| 1601012 Fund for Transferred Functions/ Schemes - Widow Pe | 30000000 | 35000000 |
| 1601013 Fund for Transferred Functions/ Schemes - Pension fo | 1000000 | 1500000 |
| 1601014 Fund for Transferred Functions/ Schemes - Pension fo | 10000000 | 12500000 |
| 1601016 Fund for Transferred Functions/ Schemes - Financial I | 300000 | 400000 |
| 1601018 Fund for Transferred Functions/ Schemes - Old Age P | 40000000 | 45000000 |
| 1601023 General Purpose Fund | 40840000 | 18848000 |
| 1601080 Fund for Transferred Functions/ Schemes - Sthree Su | 5000000 | 20000000 |
| **Total Revenue Grants, Contributions and Subsidies** | **131140000** | **138248000** |
| **Income from Investments - 170** | | |
| 1701001 Interest on Investments | 200000 | 200000 |
| **Total Income from Investments** | **200000** | **200000** |
| **Interest Earned - 171** | | |
| 1711001 Interest from Bank Accounts | 1400000 | 1500000 |
| **Total Interest Earned** | **1400000** | **1500000** |
| **Other Income - 180** | | |
| 1808099 Miscellaneous Receipts | 710000 | 800000 |
| **Total Other Income** | **710000** | **800000** |
| **Rental Income - LB Properties - 130** | | |
| 1301005 Rent from Conference Hall | 6000 | |
| **Total Rental Income** | **6000** | |
| **Total Revenue Receipt** | **162272500** | **171005325** |
| **Capital Receipt - 2** | | |
| **Grants, Contribution for Specific Purposes - 320** | | |
| 3201001 Grants for Specific Purposes - Health Grant towards c | 1000000 | 1050000 |
| 3201002 Grants for Specific Purposes - Health Grant Towards s | 1000000 | 1050000 |
| 3201004 Central Finance Commission Grant - Tied | 8940878 | 9387922 |
| 3201005 Central Finance Commission Grant - Untied | 4221230 | 4432292 |
| 3201020 Integrated Child Development Service | 3000000 | 3150000 |
| 3201027 Swaccha Bharat Mission - Grameen | 3000000 | 3150000 |
| 3201035 Total Sanitation Campaign | 2000000 | 2100000 |
| 3201044 Mahatma Gandhi National Rural Employment Scheme | 50000000 | 52500000 |
| 3202001 Development Fund - General | 16243000 | 26681000 |
| 3202002 Development Fund - Special Component Plan | 11980000 | 11614000 |
| 3202009 Maintenance Fund - Road Assets | 12574241 | 13133000 |

| | | |
|---|---|---|
| 3202010 Maintenance Fund - Non-Road Assets | 3035804 | 3066000 |
| 3202021 Grants, Funds & Contributions For Specific Purposes - | 8513416 | 8939087 |
| 3202026 Library Grant | 200000 | 210000 |
| 3208010 Beneficiary Contribution | 7000000 | 7350000 |
| 3208099 Other Grants & Contributions for Specific Purpose | 1271110 | 1334666 |
| 3209001 Contribution to Joint Venture Projects from District P | 6515000 | 6840750 |
| 3209002 Contribution to Joint Venture Projects from Block Par | 7720008 | 8106008 |
| 3209004 Contribution to Joint Venture Projects from Municipa | 4000000 | 4200000 |
| **Total Grants, Contribution for Specific Purposes** | **152214687** | **168294724** |
| **Secured Loans - 330** | | |
| 3305003 Loan from K.U.R.D.F.C | 14960000 | 15708000 |
| **Total Secured Loans** | **14960000** | **15708000** |
| **Deposits Received - 340** | | |
| 3401001 Earnest Money Deposit | 100000 | 105000 |
| 3401002 Security Deposit | 150000 | 157500 |
| 3401003 Retention | 75000 | 78750 |
| 3402003 Deposit for Road Cutting | 100000 | 105000 |
| 3402006 Election Deposit(Candidate) | 200000 | 210000 |
| 3408099 Other deposits received | 300000 | 315000 |
| **Total Deposits Received** | **925000** | **971250** |
| **Other Liabilities - 350** | | |
| 3502025 Recoveries Payable - Income Tax Deducted at Source | 251575 | 264154 |
| 3502026 Recoveries Payable - Kerala Construction Workers We | 151575 | 159154 |
| 3503005 Government and Other Dues Payable-TDS - CGST | 201575 | 211654 |
| 3503006 Government and Other Dues Payable-TDS - SGST | 201575 | 211654 |
| 3503008 Government and Other Dues Payable - CGST | 300000 | 315000 |
| 3503009 Government and Other Dues Payable - SGST | 300000 | 315000 |
| 3503013 Government and Other Dues Payable - Others payabl | 400000 | 420000 |
| **Total Other Liabilities** | **1806300** | **1896615** |
| **Loans, Advances and Deposits - 460** | | |
| 4601001 Festival Advance to Employees | 150000 | 250000 |
| 4605005 Advance to Mahatma Gandhi NREGS/ AUEGS | 2000000 | 2000000 |
| **Total Loans, Advances and Deposits** | **2150000** | **2250000** |
| **Total Capital Receipt** | **172055987** | **189120589** |
| **Revenue Expenditure - 3** | | |
| **Establishment Expenses - 210** | | |
| 2101001 Salaries -Secretary | 1500000 | 1200000 |
| 2101003 Salaries - Permanent Staff | 12772000 | 13000000 |
| 2101004 Salaries - Contract Staff | 2200000 | 700000 |
| 2101005 Salaries - Temporary Staff | 1600000 | 200000 |
| 2101007 Salaries - Part time Contingent Staff | 210000 | 150000 |
| 2101101 Wages | 1200000 | 1200000 |
| 2101201 Bonus | 250000 | 250000 |
| 2101401 Honourarium | 2150000 | 500000 |
| 2102001 Travelling Allowances - Secretary | 360000 | 100000 |
| 2102003 Travelling Allowances - Permanent Staff | 750000 | 200000 |

| | | |
|---|---|---|
| 2102004 Travelling Allowances - Temporary Staff | 120000 | 50000 |
| 2102006 Other allowances - Secretary | 20000 | 20000 |
| 2102008 Other allowances - Permanent Staff | 70000 | 70000 |
| 2102014 Monthly Honorarium and Sitting Allowance - Councillors/ Members | 3000000 | 4000000 |
| 2102016 Other Benefits and Allowances | 150000 | 25000 |
| 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 525000 | 200000 |
| 2103001 Employer's Contribution to Pension Fund - Regular Employees | 1500000 | 2000000 |
| 2103006 Employer's Contribution to NPS - Regular Employees | 550000 | 200000 |
| 2103010 EPF - Localbody Share towards Administrative Expens | 100000 | 100000 |
| 2104001 Terminal Leave Surrender | 1550000 | 200000 |
| **Total Establishment Expenses** | **30577000** | **24365000** |
| **Administrative Expenses - 220** | | |
| 2201001 Rent of Buildings | 100000 | 5000 |
| 2201003 Other Taxes/ Duties | 160000 | 5000 |
| 2201101 Office Electricity Expenses | 1300000 | 600000 |
| 2201102 Water Charges - Office | 420000 | 100000 |
| 2201105 Water Charges - LB buildings | 60000 | 25000 |
| 2201199 Other Office Maintenance Expenses | 1210000 | 700000 |
| 2201201 Telephone Expenses/ Internet Charges | 400000 | 100000 |
| 2201202 Postage Expenses | 200000 | 100000 |
| 2201299 Miscellaneous Communication Expenses | 400000 | 200000 |
| 2202001 Books & Periodicals | 200000 | 50000 |
| 2202101 Printing & Stationery | 525000 | 300000 |
| 2204001 Insurance | 60000 | 60000 |
| 2205101 Miscellaneous Legal Expenses | 300000 | 300000 |
| 2205201 Professional & Other Fees | 445000 | 100000 |
| 2206001 Newspaper Advertisement Charges | 200000 | 300000 |
| 2206099 Other Advertisement & Publicity Charges | 225000 | 200000 |
| 2206101 Membership & Subscriptions | 300000 | 10000 |
| 2208099 Miscellaneous Administration Expenses | 125000 | 200000 |
| 2302001 Water Charges - Street Tap | 180000 | 200000 |
| **Total Administrative Expenses** | **6810000** | **3555000** |
| **Operation and Maintenance - 230** | | |
| 2301001 Electricity Charges for Street Lights | 6000000 | 4000000 |
| 2301002 Fuel Charges | 1000000 | 300000 |
| 2301003 Electricity Charges of Other Buildings of LB | 1000000 | 200000 |
| 2301006 Electricity Charges For Drinking Water Schemes | 500000 | 300000 |
| 2301007 Electricity Charges For Irrigation Schemes | 500000 | 5000 |
| 2304001 Vehicle Hire Charges | 250000 | 50000 |
| 2304002 Equipment Hire Charges | 50000 | 10000 |
| 2304099 Other Hire Charges | 200000 | 10000 |
| 2305301 Repairs & Maintenance - Vehicles | 650000 | 700000 |

| | | |
|---|---|---|
| 2305901 Repairs & Maintenance - Machinery | 800000 | 25000 |
| 2305902 Repairs & Maintenance - Office Equipments | 150000 | 50000 |
| 2305909 Other Repairs & Maintenance | 1110000 | 400000 |
| 2308009 Registration Of Vehicles | 50000 | 60000 |
| 2308010 Extra - ordinary Expenses | 900000 | 500000 |
| 2308099 Other Operating & Maintenance Expenses | 950000 | 950000 |
| 2308201 Refreshment Charges | 425000 | 500000 |
| **Total Operation and Maintenance** | **14535000** | **8060000** |
| **Interest and Finance Charges - 240** | | |
| 2407001 Bank Charges | 3503 | 1000 |
| **Total Interest and Finance Charges** | **3503** | **1000** |
| **Programe Expenses - 250** | | |
| 2501001 Election Expenses | 300000 | 200000 |
| 2502001 Expenditure on Poverty Eradication Program | 50000000 | 52500000 |
| 2502002 Expenses towards Disaster Management Activities | 200000 | 50000 |
| **Total Programe Expenses** | **50500000** | **52750000** |
| **Expenses Related to Productive Sector - 251** | | |
| 2510101 Agriculture - Paddy | 417200 | 438060 |
| 2510104 Agriculture - Vegetables | 1088200 | 1142610 |
| 2510105 Agriculture - Plaintane | 240000 | 252000 |
| 2510122 Agriculture - Foodcrops | 800000 | 840000 |
| 2510132 Agriculture Related Facilities | 100000 | 105000 |
| 2510136 Agrarian Disease | 199700 | 209685 |
| 2510202 Animal Husbandry - Goat | 540000 | 567000 |
| 2510204 Animal Husbandry - Calf | 250000 | 262500 |
| 2510205 Animal Husbandry - Poultry | 210600 | 221130 |
| 2510209 Animal Husbandry - Infrastructure | 610000 | 640500 |
| 2510210 Animal Husbandry - Disease Control | 200000 | 210000 |
| 2510301 Dairy Development -Fodder Grass | 72000 | 75600 |
| 2510302 Dairy Development -Storage and Marketing | 600000 | 630000 |
| 2510305 Dairy Development - Milk Incentives | 3300000 | 3465000 |
| 2510402 BrakishWater -Pisciculture | 450000 | 472500 |
| 2510613 Service Enterprises | 50000 | 52500 |
| 2510802 Water Conservation | 400000 | 420000 |
| 2511301 Self Employment and Marketing Promotion | 950000 | 997500 |
| **Total Expenses Related to Productive Sector** | **10477700** | **11001585** |
| **Expenses Related to Service Sector - 252** | | |
| 2520107 Education-Related Activities | 100000 | 105000 |
| 2520109 Encourage Excellence of SC/ ST | 1400000 | 1470000 |
| 2520111 Contribution towards SSA | 80000 | 84000 |
| 2520303 Reading Rooms ,Libraries - Periodicals | 50000 | 52500 |
| 2520503 Arts,Culture,Sports and Youth Welfare-Promotion | 275000 | 288750 |
| 2520602 Health related Programs | 1300000 | 1365000 |
| 2520618 Medical Institution - Allopathy | 3226000 | 3387300 |
| 2520619 Medical Institution - Ayurvedic | 400000 | 420000 |
| 2520620 Medical Institution - Homoeo | 136000 | 142800 |

| | | |
|---|---|---|
| 2520701 Drinking Water - Individual | 125000 | 131250 |
| 2520702 Drinking Water - Public | 3690500 | 3875025 |
| 2520801 Housing & House Electrification - Individual | 45139768 | 67396756 |
| 2520901 Special Child Welfare Program | 1817000 | 1907850 |
| 2520903 Women Welfare | 2825000 | 2966250 |
| 2520904 Welfare of the Aged | 762650 | 800783 |
| 2520905 Welfare Programs for the Destitute | 1746110 | 1833416 |
| 2520906 Welfare Programs for Physically/ Mentally Challenged | 1325000 | 1391250 |
| 2520908 Social Security Programme | 34825 | 36566 |
| 2521001 Anganwadi Nutrition | 3620000 | 3801000 |
| 2521002 Other Nutrition Distribution Programme | 50000 | 52500 |
| 2521101 Anganwadi Infrastructure | 761000 | 799050 |
| 2521102 Anganwadi Related Services | 30000 | 31500 |
| 2521201 Vocational Capacity Building - Vocational Training | 900000 | 945000 |
| 2521402 Electricity Line - Transformer - Voltage Improvement | 200000 | 210000 |
| 2521601 Local Government Service Delivery Improvement | 332000 | 348600 |
| 2521602 Payments to IKM | 80000 | 84000 |
| 2521701 Allied Institution Service Delivery Improvement | 674000 | 707700 |
| 2521903 Public Sanitation - Related Activities | 393100 | 412755 |
| 2521904 Toilet (Individual) | 646300 | 678615 |
| 2522001 Plan Formulation, Implementation and Monitoring | 25000 | 26250 |
| 2522201 Disaster Management - Related Services | 300000 | 315000 |
| 2522305 Solid Waste Management - Collection and Transporta | 411413 | 431984 |
| 2522308 Solid Waste Management - Processing - Centralised | 1050000 | 1102500 |
| 2522310 Solid Waste Management - Disposal | 600000 | 630000 |
| 2522311 Solid Waste Management - Integrated Projects | 650000 | 682500 |
| 2522314 Solid Waste Management - Processing Individual | 1337920 | 1404816 |
| 2522320 Liquid Waste Management - Treatment | 600000 | 630000 |
| 2523201 Information and Knowledge Dissemination Capacity D | 100000 | 105000 |
| **Total Expenses Related to Service Sector** | **77193586** | **101053265** |
| **Expenses Related to Infrastructure Sector - 253** | | |
| 2530101 Street Lights | 40000 | 42000 |
| 2530201 Roads | 17000 | 17850 |
| 2530301 Public Buildings - Local Government Office Building | 541200 | 568260 |
| 2530302 Public Buildings - Other Buildings | 300000 | 315000 |
| 2530501 Vehicle Rent for Engineering Wing | 83203 | 87363 |
| 2530502 Hiring of vehicles for office purposes | 400000 | 420000 |
| **Total Expenses Related to Infrastructure Sector** | **1381403** | **1450473** |
| **Expenses related to State Sponsored Schemes - 254** | | |
| 2540111 Programmes/ Expenditures of Transferred Functions/ | 4000000 | 5000000 |
| 2540113 Programmes/ Expenditures of Transferred Functions/ | 30000000 | 35000000 |
| 2540114 Programmes/ Expenditures of Transferred Functions/ | 1000000 | 1500000 |
| 2540115 Programmes/ Expenditures of Transferred Functions/ | 10000000 | 12500000 |
| 2540117 Programmes/ Expenditures of Transferred Functions/ | 300000 | 400000 |
| 2540118 Programmes/ Expenditures of Transferred Functions/ | 40000000 | 45000000 |
| 2540138 Programmes/ Expenditures of Transferred Functions/ | 5000000 | 20000000 |

| | | |
|---|---|---|
| **Total Expenses related to State Sponsored Schemes** | **90300000** | **119400000** |
| **Total Revenue Expenditure** | **281778192** | **321636323** |
| **Capital Expenditure - 4** | | |
| **Refund of Deposits - 340** | | |
| 3401001 Earnest Money Deposit | 400000 | 420000 |
| 3401002 Security Deposit | 350000 | 367500 |
| 3401003 Retention | 375000 | 393750 |
| 3402003 Deposit for Road Cutting | 100000 | 105000 |
| 3402006 Election Deposit(Candidate) | 200000 | 210000 |
| 3408099 Other deposits received | 300000 | 315000 |
| **Total Refund of Deposits** | **1725000** | **1811250** |
| **Payment of Recoveries - 350** | | |
| 3501102 Net Salary Payable | 1000000 | 1050000 |
| 3501116 Pension Contribution Payable | 590000 | 619500 |
| 3501122 Leave Salary Payable | 800000 | 840000 |
| 3501301 Employers Liabilities - Pension Contribution (NPS) | 682559 | 716687 |
| 3502001 Recoveries Payable - General Provident Fund | 10000 | 10500 |
| 3502002 Recoveries Payable - Kerala Panchayat Employees Pro | 90000 | 94500 |
| 3502009 Recoveries Payable - KSFE Recovery | 5000 | 5250 |
| 3502012 Recoveries Payable - State Life Insurance | 12000 | 12600 |
| 3502013 Recoveries Payable - Group Saving Life Insurance | 5000 | 5250 |
| 3502014 Recoveries Payable - Group Insurance | 11000 | 11550 |
| 3502020 Recoveries Payable - Employee Share NPS | 32559 | 34187 |
| 3502022 Recoveries Payable -Medisep -Regular | 10000 | 10500 |
| 3502025 Recoveries Payable - Income Tax Deducted at Source | 250000 | 262500 |
| 3502026 Recoveries Payable - Kerala Construction Workers We | 150000 | 157500 |
| 3502028 Recoveries Payable - Other Recoveries | 100000 | 105000 |
| 3503001 Government and Other Dues Payable - Library Cess P | 400000 | 420000 |
| 3503003 Government and Other Dues Payable - Court attachm | 100000 | 105000 |
| 3503005 Government and Other Dues Payable-TDS - CGST | 250000 | 262500 |
| 3503006 Government and Other Dues Payable-TDS - SGST | 250000 | 262500 |
| 3503007 Government and Other Dues Payable-TDS - IGST | 20000 | 21000 |
| 3503008 Government and Other Dues Payable - CGST | 200000 | 210000 |
| 3503009 Government and Other Dues Payable - SGST | 300000 | 315000 |
| 3504010 Refund Payable - Other Fees | 1000000 | 1050000 |
| **Total Payment of Recoveries** | **6268118** | **6581524** |
| **Fixed Assets - 410** | | |
| 4102005 Hospital Buildings | 52985 | 55634 |
| 4102016 Other Buildings | 1250000 | 1312500 |
| 4102017 Compound Wall | 75000 | 78750 |
| 4103001 Concrete Roads | 1931500 | 2028075 |
| 4103002 Black Topped Roads | 10777741 | 31316628 |
| 4103012 Side Walls | 410000 | 10430500 |
| 4103099 Other Constructions | 1393817 | 1463508 |
| 4103102 Drainage | 699716 | 734702 |

| | | |
|---|---|---|
| 4104001 Plant & Machinery | 100000 | 105000 |
| 4105001 Vehicles | 368340 | 386757 |
| 4106002 Computers, Printers & Peripherals | 479930 | 503927 |
| 4108001 Other Fixed Assets | 2106906 | 2212251 |
| **Total Fixed Assets** | **19645935** | **50628232** |
| **Stock in Hand - 430** | | |
| 4301002 Purchase of Material - Stores | 2716047 | |
| **Total Stock in Hand** | **2716047** | **3000000** |
| **Loans, Advances and Deposits - 460** | | |
| 4601001 Festival Advance to Employees | 150000 | 250000 |
| 4605002 Advance to Implementing Agencies | 129120 | 130100 |
| 4605005 Advance to Mahatma Gandhi NREGS/ AUEGS | 2000000 | 2000000 |
| **Total Loans, Advances and Deposits** | **2279120** | **2380100** |
| **Total Capital Expenditure** | **32634220** | **64401106** |
| **Total Expenditure** | **314412412** | **386037429** |
| **Total Receipts** | **334328487** | **401486183** |
| **Balance** | **41360269** | **15448754** |

2